കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നം.ടി1-033144/96

ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം,
തീയതി: 4.3.'97

## ഉത്തരവ്

വിഷയം:- കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സീറ്റ് 25% സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്-

സൂചിക:- 1. 20.11.96 ലെ ഇതേ നം. ഉത്തരവ്.
2. കേരള വനിതാ കമ്മീഷൻ സെക്രട്ടറിയുടെ 17.2.97ലെ കത്ത്.

27.9.96-ൽ ട്രാൻസ്പോർട്ട് പ്രിൻസിപ്പൽ സെക്രട്ടറി, വനിതാ യാത്രക്കാർ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് ചർച്ച ചെയ്യുവാൻ വിളിച്ചു കൂട്ടിയ യോഗ തീരുമാനങ്ങൾ അനുസരിച്ച് കെ.എസ്.ആർ.ടി.സി. നിലവിലുണ്ടായിരുന്ന സ്ത്രീകളുടെ സീറ്റ് സംവരണത്തെ സംബന്ധിച്ച ഉത്തരവിൽ മാറ്റം വരുത്തുകയും റിസർവേഷൻ ഏർപ്പെടുത്തിയിട്ടുള്ള സർവീസുകൾ ഒഴികെ എല്ലാ ദീർഘദൂര സർവീസുകളിലും മൂന്ന് സീറ്റ് സ്ത്രീകൾക്കായി മാത്രം സംവരണം ചെയ്യുകയും 20.11.96-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവ് നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും വിപരീതമാണെന്നും അതിനാൽ പുനഃപരിശോധിക്കണമെന്നും കേരള വനിതാ കമ്മീഷൻ സെക്രട്ടറി 17.2.97 ലെ കത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

കെ.എസ്.ആർ.ടി.സി. നിലവിലുള്ള കേരളാ മോട്ടോർ വാഹനച്ചട്ടം 269(5) റൂൾ പ്രകാരം പ്രസ്തുത ആവശ്യം പരിശോധിക്കുകയും റിസർവേഷൻ ഉള്ള ദീർഘദൂര സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് സർവീസുകളിൽ 25% സംവരണം ഏർപ്പെടുത്തിയാലുള്ള കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക നഷ്ടം കൂടി കണക്കിലെടുത്തു കൊണ്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ഉത്തരവ് നൽകുന്നു.

1. സ്ത്രീകളുടെ സീറ്റ് സംവരണത്തെ സംബന്ധിച്ച് നിലവിലുള്ള എല്ലാ ഉത്തരവുകളും ഇതിനാൽ റദ്ദു ചെയ്യുന്നു.
2. സിറ്റി, ഓർഡിനറി, ഹ്രസ്വദൂര ഫാസ്റ്റ് പാസഞ്ചർ എന്നീ സർവീസ് ബസുകളിൽ സ്ത്രീകൾക്കു 25% സീറ്റുകൾ സംവരണം ചെയ്യേണ്ടതാണ്. നിലവിലുള്ള സംവിധാനം അനുസരിച്ച് [illegible] ഏറ്റവും പുറകിലത്തെ സീറ്റുകളും ബാക്കി ബസിന്റെ വലതുവശത്തുമായി ക്രമപ്പെടുത്തേണ്ടതാണ്. ഈ സീറ്റുകളുടെ മുകളിൽ "സ്ത്രീകളുടെ സീറ്റ്" എന്ന് എഴുതിയിരിക്കണം.

.....2

3. എ. റിസർവേഷൻ ഉള്ള ദീർഘദൂര ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, സൂപ്പർ ഡീലക്സ് എന്നീ സർവീസുകളിൽ 25% സീറ്റുകൾ മുൻ… മത്തിൽ സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ടതാണ്. ഇതിലുപരി കണ്ടക്ടറിന് ഒന്നാമതായി വലതു വശത്തുള്ള മൂന്നു സീറ്റുകൾ സ്ത്രീകൾക്ക് മാത്രമായി സംവരണം ചെയ്യേണ്ടതാണ്. സ്ത്രീകൾക്കു മാത്രമായി സംവരണം ചെയ്തിരിക്കുന്ന മൂന്നു സീറ്റുകളും ഏത് അവസരത്തിലും സ്ത്രീകൾക്ക് നൽകേണ്ടതാണ്.

ബി. മുൻഗണനാക്രമത്തിൽ ഉത്തരത്തിൽ മേൽ പറഞ്ഞ സർവീസുകളിൽ സംവരണം ചെയ്യപ്പെട്ടിരിക്കുന്ന 25% സീറ്റുകളിൽ സർവീസ് തുടങ്ങുന്ന സ്ഥലത്ത് സ്ത്രീകൾ ഉണ്ടെങ്കിൽ അവർക്ക് മാത്രമായി നൽകേണ്ടതാണ്. യാത്ര ആരംഭിക്കുമ്പോൾ പ്രസ്തുത 25% സീറ്റുകളിൽ സ്ത്രീ യാത്രക്കാർ ഇല്ലെങ്കിൽ പുരുഷന്മാർക്ക് അനുവദിക്കാവുന്നതാണ്. യാത്രയുടെ ഇടയിൽ സ്ത്രീകൾ ആവശ്യപ്പെടുകയാണെങ്കിൽ ഒഴിഞ്ഞു കൊടുക്കുവാൻ പുരുഷന്മാരോട് കണ്ടക്ടർമാർ അഭ്യർത്ഥിക്കേണ്ടതാണ്.

"സ്ത്രീകളുടെ മുൻഗണനാ സീറ്റുകളുടെയും " പൂർണ്ണമായും സ്ത്രീകൾക്ക് അനുവദിച്ചിരിക്കുന്ന മൂന്നു സീറ്റുകളുടെയും മുകളിൽ പ്രസ്തുത വിവരം എഴുതിയിരിക്കേണ്ടതാണ്.

4. റിസർവേഷൻ ഉള്ള ദീർഘദൂര ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ് എന്നീ സർവീസുകളിലും, മൂന്നിൽ (3) പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ യൂണിറ്റധികാരികളും, ഇൻസ്പെക്ടർമാരും കണ്ടക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ നടപ്പിലാക്കുമ്പോൾ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീ യാത്രക്കാരുടെ സുരക്ഷിതത്വവും സൗകര്യവും ക്രമീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഈ ഉത്തരവിന്റെ അർത്ഥവും അന്തസ്സത്തയും ഉൾക്കൊണ്ട് പ്രവർത്തിക്കാൻ എല്ലാവരും ശ്രമിക്കേണ്ടതാണ്.

(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ

എല്ലാ യൂണിറ്റാഫീസർമാർക്കും
ചീഫ് ഓഫീസിലെ എല്ലാ സെക്ഷനുകളിലെയും/എല്ലാ ഓഫീസർമാർക്കും
സ്ക്വാഡ് യൂണിറ്റുകൾ/സ്റ്റാഫ് ഫയൽ/ഫയൽ.

ആജ്ഞാനുസരണം

ചീഫ് ട്രാഫിക് മാനേജർ.